Website: www.keralapsc.gov.in Email: dokzd.psc@kerala.gov.in

Telephone: 04994-230102

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**ജില്ലാ ഓഫീസ്, കാസറഗോഡ്.**

* * *

ചുരുക്കപ്പട്ടിക നമ്പർ : 26/2022/DOB | സ്ഥലം : കാസറഗോഡ്,
കാറ്റഗറി നമ്പർ : 093/2022 | തീയ്യതി : 19.11.2022.

## വിജ്ഞാപനം

കാസർഗോഡ് ജില്ലയിൽ **വനം - വന്യജീവി വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ** (ഉപജീവനത്തിനു വേണ്ടി വനത്തെ ആശ്രയിച്ച് കഴിയുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം) **പാർട്ട് – II** (വനം വകുപ്പിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്കായി സംവരണം ചെയ്തിരിക്കുന്ന 40% ഒഴിവിലേയ്ക്കുള്ള നിയമനം) (കാറ്റഗറി നമ്പർ **093/2022**) ശമ്പള സ്കെയിൽ: **Rs. 20000–45800/–**(പരിഷ്കരണത്തിനു മുമ്പ്) തസ്തികയിലേക്ക് **03.09.2022** ന് നടന്ന ഒ.എം.ആർ. പൊതു പരീക്ഷയുടെ അടിസ്ഥാനത്തിൽ ശാരീരിക അളവെടുപ്പിനും കായിക ക്ഷമതാ പരീക്ഷയ്ക്കും സോപാധികമായി അർഹരായ ഉദ്യോഗാർത്ഥികളുടെ ചുരുക്കപ്പട്ടിക താഴെ കൊടുക്കുന്നു.

ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ അവയുടെ സംഖ്യാ ക്രമത്തിൽ മാത്രം ക്രമപ്പെടുത്തിയിരിക്കുന്നതിനാൽ ആയത് പ്രസ്തുത പരീക്ഷയുടെ അടിസ്ഥാനത്തിലുള്ള റാങ്ക് ക്രമത്തെ ഒരു തരത്തിലും സൂചിപ്പിക്കുന്നില്ല. ഉദ്യോഗാർത്ഥികളുടെ ജനന തീയ്യതി, സമുദായം, യോഗ്യതകൾ എന്നിവ തെളിയിക്കുന്ന അസ്സൽ പ്രമാണങ്ങൾ പ്രമാണ പരിശോധനാ വേളയിൽ പരിശോധിക്കുന്നതാണ്.

### പുരുഷൻമാർ

| | | | | |
|---|---|---|---|---|
| 119742 | 119792 | 120293 | 120685 | 120985 |

### സ്ത്രീകൾ

ഇല്ല.

കുറിപ്പ് (1) : അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയ്ക്കും നിരുപാധിക സ്വീകാര്യതയ്ക്കും വിധേയമായി തീർത്തും സോപാധികമായാണ് രജിസ്റ്റർ നമ്പറുകൾ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടു എന്നതുകൊണ്ട് മാത്രം റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നതിന് ഉദ്യോഗാർത്ഥികൾക്ക് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

കുറിപ്പ് (2) : അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാന മാക്കിയാണ് ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത്. അപേക്ഷയിൽ അവകാശപ്പെടാത്ത അവകാശവാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കുന്നതല്ല.

കുറിപ്പ് (3) : ഒ.എം.ആർ പരീക്ഷയിൽ ഹാജരായ മുഴുവൻ ഉദ്യോഗാർത്ഥികളിൽ അപ് ലോഡ് ചെയ്ത പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികളെ ചുരുക്കപ്പട്ടികയിൽ സോപാധികമായി ഉൾപ്പെടുത്തിയിരിക്കുന്നു.

കുറിപ്പ് (4) : ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട എല്ലാ ഉദ്യോഗാർത്ഥികളും ശാരീരിക അളവെടുപ്പിനും കായിക ക്ഷമതാ പരീക്ഷയ്ക്കും പങ്കെടുക്കേണ്ടതാണ്. ശാരീരിക അളവെടുപ്പിനും കായിക ക്ഷമതാ പരീക്ഷയ്ക്കുമുള്ള സ്ഥലം, തീയ്യതി, സമയം എന്നിവ പ്രൊഫൈൽ സന്ദേശം വഴി അറിയിക്കുന്നതാണ്.

കുറിപ്പ് (5): ശാരീരിക അളവെടുപ്പ്, കായിക ക്ഷമതാപരീക്ഷ എന്നിവയിൽ വിജയിക്കുന്നവർ ഒറ്റത്തവണ പ്രമാണ പരിശോധനയ്ക്കും ഇന്റർവ്യൂവിനും ഹാജരാകേണ്ടതാണ്. ഇന്റർവ്യൂവിൽ പങ്കെടുത്ത് യോഗ്യത നേടുന്നവരെ മാത്രമേ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുകയുള്ളൂ.

കുറിപ്പ് (6) : നിലവിലുള്ള നടപടിക്രമപ്രകാരം ഉത്തരക്കടലാസ് പുനർ മൂല്യനിർണ്ണയം അനുവദിക്കുന്നതല്ല. എന്നാൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം പുന: പരിശോധന നടത്താവുന്നതാണ്. വിശദമായ നിർദ്ദേശങ്ങൾ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നമുറയ്ക്ക് അറിയിക്കുന്നതാണ്.

കുറിപ്പ് (7) : റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണത്തിനുശേഷം നിശ്ചിത ഫീസ് ഒടുക്കുന്നവർക്ക് 03.09.2022 ന് നടന്ന ഒ.എം. ആർ. പരീക്ഷയുടെ ഉത്തരക്കടലാസിന്റെ പകർപ്പ് നൽകുന്നതാണ്.

കുറിപ്പ് (8) : 27.10.2022 ലെ ഇ.ആർ.VII(1)3690/2022/ഇ.ഡബ്ല്യു. നമ്പർ വിജ്ഞാപനപ്രകാരം അസാധുവായ രജി. നമ്പറുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
കാസർഗോഡ് ജില്ലാ ഓഫീസ്.

ഉല്ലാസൻ പി.
ജില്ലാ ഓഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, കാസറഗോഡ്.

വിതരണാനുമതി നല്കുന്നു.

സെക്ഷൻ ഓഫീസർ